ടെലിമെഡിസിൻ പദ്ധതിയുടെ പ്രവർത്തനം

117 [5904] ശ്രീ. എൻ. ശക്തൻ:
,, ലൂഡി ലൂയിസ്:
,, ഡൊമിനിക് പ്രസന്റേഷൻ:
,, എ. പി. അനിൽകുമാർ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെലിമെഡിസിൻ പദ്ധതിയുമായി ബന്ധപ്പെട്ട് ആരെല്ലാം സഹകരിക്കുന്നുണ്ട്;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദീകരിക്കുമോ;

(സി) ഈ പദ്ധതി കൂടുതലായി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ടെലിമെഡിസിൻ പദ്ധതിയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകൾക്ക് പുറമേ കേന്ദ്ര സംസ്ഥാന വിവരസാങ്കേതിക വിദ്യാ വകുപ്പുകൾ സി-ഡാക്ക്, ഐ.ഐ. ഐ.ടി.ഐ.എം-കേരള, ഐ. എസ്. ആർ. ഒ., ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് എന്നിവരുടെ സഹകരണം ലഭ്യമാകുന്നുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ടെലി റഫറൽ ഹബ് സ്ഥാപിച്ച് ഇതിനെ ജില്ലാ, താലൂക്ക് ആശുപത്രികളുമായി വിവര സാങ്കേതിക വിദ്യ വഴി ബന്ധപ്പെടുത്തും. വിദൂരമായ സ്ഥലങ്ങളിൽ നിന്ന് രോഗ വിവരങ്ങൾ ചിത്രങ്ങളുൾപ്പെടെ മെഡിക്കൽ കോളേജിലെ റഫറൽ ഹബിൽ ലഭ്യമാക്കുകയും അവിടെയുള്ള വിദഗ്ദ്ധരുടെ ഉപദേശപ്രകാരം ചികിൽസ നൽകുവാനും സാധിക്കും. വിദഗ്ദ്ധ ചികിൽസ വിദൂരസ്ഥലങ്ങളിലും ലഭ്യമാക്കാൻ ഇതുവഴി സാധിക്കും.

(സി) പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം പൊതുജനത്തിന് ഉപകാരപ്രദമാണെന്ന് കണ്ടാൽ വിപുലപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

താലൂക്ക് ആശുപത്രികൾ എഫ്. ആർ. യു.-കളായി ഉയർത്തുവാനുള്ള മാനദണ്ഡം

118 [5905] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികൾ എഫ്. ആർ. യു.-കളായി ഉയർത്തുവാനുള്ള മാനദണ്ഡം എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് എഫ്. ആർ. യു. ആയി ഉയർത്തുവാനുള്ള നിർദ്ദേശം ഗവൺമെന്റ് പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5,00,000 ജനസംഖ്യയ്ക്ക് ഒരു സ്ഥാപനം എന്ന നിലയ്ക്ക് കേന്ദ്ര സർക്കാരാണ് എഫ്. ആർ. യു. സ്ഥാപനങ്ങൾ നിശ്ചയിക്കുന്നത്. ഇതനുസരിച്ച് കേരളത്തിൽ 65 സ്ഥാപനങ്ങൾ എഫ്. ആർ. യു. ആയി തിരഞ്ഞെടുത്തിട്ടുണ്ട്. 2002-ൽ എഫ്. ആർ. യു. പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫും, മറ്റു സൗകര്യങ്ങളും ഇല്ലാതിരുന്ന 9 സ്ഥാപനങ്ങൾ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുകയും പുതുതായി നാല് സ്ഥാപനങ്ങൾ ഉൾപ്പെടുത്തുകയും ഉണ്ടായി. താമരശ്ശേരി ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷനിൽ നിന്നുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ സി. എച്ച്. സി. താമരശ്ശേരിയെ ആറു മാസത്തിനുള്ളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താമെന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉറപ്പിൽ ആറു മാസത്തേക്ക്കൂടി എഫ്. ആർ. യു. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (28-5-2003 മുതൽ ആറുമാസത്തേക്ക്).

ഒരു സ്ഥാപനത്തെ എഫ്. ആർ. യു. ആയി സ്ഥിര അംഗീകാരം നൽകുന്നത് രണ്ടു ഘട്ടങ്ങൾ ആയിട്ടാണ്. ആദ്യമായി സ്ഥാപനത്തെ എഫ്. ആർ. യു. ലിസ്റ്റിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളും സമയവും നൽകുന്നു. രണ്ടാം ഘട്ടമായി സ്ഥാപനത്തെ എഫ്. ആർ. യു. ആയി സർട്ടിഫൈ ചെയ്യുന്നു. 55 സ്ഥാപനങ്ങൾ ഇതിനകം എഫ്. ആർ. യു. ആയി സർട്ടിഫൈ ചെയ്തു കഴിഞ്ഞു. ബാക്കി പത്തു സ്ഥപനങ്ങൾക്കു കൂടി എഫ്. ആർ. യു.-വിനു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തി ഡിസംബറിനകം സർട്ടിഫൈ ചെയ്യാനുദ്ദേശിക്കുന്നു. ഒരു എഫ്. ആർ. യു. സ്ഥാപനത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം 1)

(ബി) എഫ്. ആർ. യു.-വിന്റെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം 2) †

പോസ്റ്റ്മോർട്ടം, ഓപ്പറേഷൻ തുടങ്ങിയവയ്ക്കായി നൽകുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ

119 [5906] ശ്രീ. സാജു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പോസ്റ്റ്മോർട്ടം, ഓപ്പറേഷൻ തുടങ്ങിയവയ്ക്കായി ബന്ധപ്പെട്ട ഡോക്ടർക്കും മറ്റു ആശുപത്രി ജീവനക്കാർക്കും ശമ്പളത്തിന് പുറമെ എന്തെങ്കിലും സാമ്പത്തിക ആനുകൂല്യങ്ങൾ ഗവൺമെന്റിൽനിന്നും നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കൃത്യമായും പ്രസ്തുത ആനുകൂല്യങ്ങൾ ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകൾ ഉണ്ടോ; വിശദവിവരം നൽകുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly